പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.314** **24-02-2016 -ൽ മറുപടിക്ക്**

## മത്സ്യത്തൊഴിലാളികളുടെ പ്രതിശീർഷ വരുമാനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>ശ്രീ.ബാബു എം. പാലിശ്ശേരി<br>ശ്രീ.കെ.ദാസൻ<br>ശ്രീ.ബി.സത്യൻ: | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും<br>എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | മത്സ്യത്തൊഴിലാളികളുടെ പ്രതിശീർഷ വരുമാനം കുറഞ്ഞ് വരുന്നത് തടയാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (എ) | ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് തയ്യാറാക്കുന്ന ഗ്രോസ് ഡൊമസ്റ്റിക് പ്രോഡക്റ്റ് കണക്ക് പ്രകാരം സംസ്ഥാന മത്സ്യത്തൊഴിലാളികളുടെ പ്രതിശീർഷ വരുമാനം വർദ്ധിച്ചുവരികയാണ്. മത്സ്യത്തിന്റെ വിലയിലുണ്ടായ വർദ്ധനവ് ഇതിന് ഒരു കാരണമാണ്. പക്ഷേ ഓരോ വർഷവും ഇത് സംസ്ഥാന ആളോഹരി വരുമാനത്തിന്റെ പകുതി മാത്രമാണ്.<br>കഴിഞ്ഞ നാലുവർഷക്കാലയളവിലെ മത്സ്യത്തൊഴിലാളികളുടെ പ്രതിശീർഷ വരുമാനം സംബന്ധിക്കുന്ന വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>**വർഷം** — **പ്രതിശീർഷ വരുമാനം (രൂപയിൽ)**<br>2011–12 — 34711<br>2012–13 — 36931<br>2013–14 — 50491<br>2014–15 — 61538<br>മത്സ്യത്തൊഴിലാളികളുടെ സാമൂഹിക സാമ്പത്തിക ഉന്നമനത്തിനായി സംസ്ഥാന സർക്കാർ വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നു ണ്ട്. |
| (ബി) | മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ വികസനത്തിന് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നയസമീപനങ്ങൾ പ്രതികൂലമായിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം വെളിപ്പെടുത്താമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടു ണ്ട്. മീനാകുമാരി കമ്മിറ്റി റിപ്പോർട്ട്, സെയ്ദാറാവു കമ്മിറ്റി റിപ്പോർട്ട്, ഡോ.അയ്യപ്പൻ കമ്മിറ്റി, തീരദേശ പരിപാലനനിയമം എന്നീ വിഷയങ്ങളിലെ കേന്ദ്ര സർക്കാരിന്റെ സമീപനം മത്സ്യത്തൊഴിലാളികളെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ ഇത് പരിഹരിക്കുന്നതിന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**